ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. രാജ്യത്തെ ഏറ്റവും വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും.

   **President Draupadi Murmu will present the Swachh Survekshan awards today for promoting the cleanest cities in the country.**

2. പി.എം ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം; കർഷകരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള നിർണായക ചുവടുവയ്പ്പെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Union Cabinet approves PM Dhan-Dhanya Krishi Yojana; PM Narendra Modi calls it a crucial step to improve the lives of farmers**

3. രാജ്യത്തെ പത്തുലക്ഷംപേർക്ക് സൗജന്യമായി നിർമിതബുദ്ധി പരിശീലനം നൽകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Electronics and Information Technology Minister Ashwini Vaishnaw has announced that Artificial Intelligence training will be provided to ten lakh citizens in the country free of cost.**

4. ഇന്ത്യ, അമേരിക്ക ഇടക്കാല വ്യാപാരകരാറിനുള്ള ചർച്ച ശരിയായ പാതയിലാണെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

   **US President Donald Trump has said that the ongoing negotiations between India and the United States for a much-anticipated interim trade are on track**

5. ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതകൾക്ക് 4 വിക്കറ്റിന്റെ ഉജ്വല ജയം.

**In Women's Cricket, India defeated hosts England by 4 wickets in the first ODI match at The Rose Bowl in Southampton last night.**

6. വടക്കൻ കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യത. നാലു ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

**Heavy rain likely in North Kerala. Orange alert in four districts. Holiday for educational institutions in Kasaragod, Kannur, Wayanad, Kozhikode and Thrissur districts today**

*********************************************

## PREZ - SWACHH SURVEKSHAN

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഈ വർഷത്തെ സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും. രാജ്യത്തെ ഏറ്റവും വൃത്തിയുള്ള നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തവണ നാല് വിഭാഗങ്ങളിലായി 78 പുരസ്കാരങ്ങളാണ് വിതരണം ചെയ്യുന്നത്. 45 ദിവസത്തിനിടെ രാജ്യത്തുടനീളമുള്ള ഓരോ വാർഡിലും 3,000-ത്തിലധികം സമഗ്ര പരിശോധനകൾ നടത്തിയാണ് മികച്ച നഗരങ്ങളെ തിരഞ്ഞെടുത്തതെന്ന് ഭവന, നഗരകാര്യ മന്ത്രാലയം അറിയിച്ചു.

*********************************************

## DHAN-DHAANYA KRISHI YOJANA

'പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന'യ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ഇന്നലെ അംഗീകാരം നൽകി. ആറുവർഷത്തേക്ക് നൂറു ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിള വൈവിധ്യവൽക്കരണവും സുസ്ഥിര കാർഷിക

രീതികളും സ്വീകരിക്കുന്നത് വർദ്ധിപ്പിക്കുക, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ വിളവെടുപ്പിനു ശേഷമുള്ള സംഭരണം വർദ്ധിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ദീർഘകാല, ഹ്രസ്വകാല വായ്പകളുടെ ലഭ്യത സുഗമമാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

*******************************************************

## PM MODI-CABINET

പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന ഉൾപ്പടെയുള്ള കേന്ദ്ര മന്ത്രിസഭ തീരുമാനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ആ ലക്ഷ്യത്തിലേക്കുള്ള മറ്റൊരു നിർണായക ചുവടുവയ്പ്പാണ് പി.എം ധൻ-ധാന്യ കൃഷി യോജന എന്നും പ്രധാനമന്ത്രി പറഞ്ഞു.

*******************************************************

## INVESTMENT EXEMPTION FOR NLCIL

പുനരുപയോഗ ഊർജ്ജ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്രപൊതുമേഖല സ്ഥാപനമായ N.L.C.I.L - ന് നിക്ഷേപ ഇളവ് നൽകാൻ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. നവരത്ന കേന്ദ്ര പൊതുമേഖലാ സംരംഭങ്ങൾക്ക് ബാധകമായ നിലവിലുള്ള നിക്ഷേപ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് N.L.C ഇന്ത്യ ലിമിറ്റഡിന് പ്രത്യേക ഇളവ് നൽകാനാണ് തീരുമാനം. ഇതിലൂടെ കമ്പനിക്ക് ഉപസ്ഥാപനമായ എൻഎൽസി ഇന്ത്യ റിന്യൂവബിൾസ് ലിമിറ്റഡിൽ 7,000 കോടി രൂപ നിക്ഷേപിക്കാൻ അവസരം ലഭിക്കും.

*******************************************************

## SHIVRAJ ( INTRO)

പതിനൊന്ന് വർഷത്തിനിടെ രാജ്യത്തിന്റെ വാർഷിക ഭക്ഷ്യധാന്യ ഉൽപ്പാദനം 8.1 ദശലക്ഷം ടണ്ണായി വർധിച്ചെന്ന് കേന്ദ്ര കൃഷിമന്ത്രി

ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ 97-ാമത് ഐസിഎആർ സ്ഥാപക ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭക്ഷ്യധാന്യ ഉല്പാദനത്തിൽ 40 ശതമാനത്തിലധികം വർധനവാണുണ്ടായതെന്നും പ്രധാനമന്ത്രി ധൻ-ധന്യ കൃഷി യോജനയ്ക്ക് അംഗീകാരം നൽകിയ മന്ത്രിസഭ തീരുമാനത്തെ പ്രശംസിച്ചു കൊണ്ട് കേന്ദ്രമന്ത്രി പറഞ്ഞു.

( വോയിസ്....)

*****************************************************

## AMIT SHAH-JAIPUR VISIT

ജയ്പൂരിൽ നടക്കുന്ന "സഹകാരിത ഏവം റോജ്ഗാർ ഉത്സവ്" ൽ പങ്കെടുക്കാനായി കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് രാജസ്ഥാനിലെത്തും. വിവിധ സർക്കാർ ജോലികളിലായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട എണ്ണായിരം ഉദ്യോഗാർത്ഥികൾക്ക് അദ്ദേഹം നിയമന കത്ത് കൈമാറും. സഹകരണ മേഖലയിലെ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളും ഉദ്ഘാടനം ചെയ്യും.

*****************************************************

## ASHWINI VAISHNAW (INTRO)

രാജ്യത്തെ പത്ത് ലക്ഷം പേർക്ക് സൗജന്യമായി നിർമിത ബുദ്ധിയിൽ പരിശീലനം നൽകുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ഗ്രാമതല സംരംഭകർക്ക് ഇതിൽ മുൻഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ ഇന്ത്യയുടെ പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുക യായിരുന്നു കേന്ദ്രമന്ത്രി.

( വോയിസ്.....)

*****************************************************

## TRUMP ON INDIA-US TRADE

ഇന്ത്യയും അമേരിക്കയും തമ്മിൽ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഇടക്കാല വ്യാപാരത്തിനായുള്ള ചർച്ചകൾ ഉടൻ പൂർത്തിയാകുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ചർച്ചകൾ ശരിയായ പാതയിലാണെന്നും യുഎസും ഇന്തോനേഷ്യയും തമ്മിലുള്ള വ്യാപാര കരാറിന് അനുസൃതമായി അമേരിക്കൻ കമ്പനികൾക്ക് ഇന്ത്യൻ വിപണിയിലേക്ക് കൂടുതൽ പ്രവേശനം നൽകാൻ നിർദ്ദിഷ്ട കരാർ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. യുഎസിന് ഇന്തോനേഷ്യയിലേക്ക് പൂർണ്ണ പ്രവേശനമുണ്ടെന്നും ഇന്ത്യ അടിസ്ഥാനപരമായി അതേ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും യുഎസ് പ്രസിഡന്റ് പറഞ്ഞു.

*************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*************************************************

## UNION MINISTER JAYANT CHAUDHARY

ജൻ ശിക്ഷൺ സൻസ്ഥാൻറെ ഗുണഭോക്തൃസംഗമവും, പ്രദർശനവും കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി ഇന്ന് രാവിലെ മലപ്പുറം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്യും. ജെ എസ് എസ്സിന്റെ കീഴിൽ പരിശീലനം പൂർത്തീകരിച്ച 1800 ഗുണഭോക്താക്കൾക്കായുള്ള സർട്ടിഫിക്കറ്റ് വിതരണം അദ്ദേഹം നിർവഹിക്കും. പിന്നാക്ക വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പദ്ധതിയാണ് ജൻ ശിക്ഷൺ സൻസ്ഥാൻ.

*************************************************

## GEORGE KURIAN

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

ഇന്ന് കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി.

*****************************************************

## WOMENS CRICKET

ഇംഗ്ലണ്ടിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതകൾക്ക് 4 വിക്കറ്റിന്റെ ഉജ്വല ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 258 റൺസെടുത്തു. 49-ാം ഓവറിൽ ഇന്ത്യ ലക്ഷ്യം മറികടന്നു. പുറത്താകാതെ 62 റൺസെടുത്ത ദീപ്തി ശർമയുടെ മികച്ച ബാറ്റിങ്ങാണ് ഇന്ത്യയ്ക്ക് കരുത്തായത്.

*****************************************************

## CRICKET – OLYMPICS

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിൻറെ വാർഷിക സമ്മേളനം ഇന്ന് സിംഗപ്പൂരിൽ ആരംഭിക്കും. ഒളിമ്പിക്സിലേക്കുള്ള ക്രിക്കറ്റിന്റെ തിരിച്ചുവരവും പ്രവേശന യോഗ്യതയും സംബന്ധിച്ച് സമ്മേളനം ചർച്ച ചെയ്യും. ഒളിമ്പിക്സിലെ ട്വന്റി-20 ക്രിക്കറ്റ് മത്സരങ്ങൾ 2028 ജൂലൈയിൽ നടക്കുമെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി ഇന്നലെ പ്രഖ്യാപിച്ചു .

*****************************************************

## ADITI CHAUHAN RETIRES

ഇന്ത്യൻ വനിതാ ടീം ഗോൾ കീപ്പർ അതിഥി ചൗഹാൻ പ്രൊഫഷണൽ ഫുട്ബോളിൽ നിന്നും വിരമിച്ചു. 2008 ൽ ഇന്ത്യൻ അണ്ടർ 19 ടീമിലൂടെ പ്രൊഫഷണൽ ഫുട്ബോളിൽ അരങ്ങേറിയ അതിഥി, 17 വർഷം ദേശീയ ടീമിൻറെ ഭാഗമായി.

*****************************************************

## RAIN – KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മീൻപിടിക്കുന്നതിന് വിലക്കേർപ്പെടുത്തി.

*******************************************************

## RAIN INSTRUCTIONS

കനത്ത മഴയെ തുടർന്ന് സംസ്ഥാനത്ത് പല ജില്ലകളിലും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. പ്രധാന നദികൾ കരകവിഞ്ഞൊഴുകുകയാണ്. മഴ മുന്നറിയിപ്പ് കണക്കിലെടുത്ത് ഇന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല. വയനാട് മഴ ശക്തമായ സാഹചര്യത്തിൽ മുണ്ടക്കൈ-ചൂരൽമല പ്രദേശത്തേക്കുള്ള പ്രവേശനം നിരോധിച്ചു. ക്വാറികളുടെയും സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ നിർത്തിവെക്കാനും നിർദേശമുണ്ട്. താമരശേരി ചുരം റോഡിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്താൻ കോഴിക്കോട് ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

*******************************************************

## H1N1

കൊല്ലത്ത് നാല് വിദ്യാർത്ഥികൾക്ക് H1N1 സ്ഥിരീകരിച്ചു. ഒരു സ്കൂളിലെ ഒരേ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

*******************************************************

## NIPAH

പാലക്കാട് മരണമടഞ്ഞയാളുടെ മകന് പ്രാഥമിക പരിശോധനയിൽ നിപ സംശയിച്ചതോടെ റൂട്ട് മാപ്പ് തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. വിവിധ ജില്ലകളിലായി ആകെ 723 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്.

*************************************************

## RAMAYANA MONTH– ELEPHANT FEEDING

ഇന്ന് കർക്കിടകം ഒന്ന്. രാമായണ മാസാചരണത്തിന് ഇന്ന് തുടക്കം. ക്ഷേത്രങ്ങളിലും വീടുകളിലും ആശ്രമങ്ങളിലും ഒരുമാസം നീളുന്ന രാമായണ പാരായണ നടക്കും. നാലമ്പല തീർത്ഥാടനവും ഇതോടൊപ്പം ആരംഭിക്കും. തൃശൂർ വടക്കുന്നാഥ ക്ഷേത്രത്തിൽ ഇന്ന് നടക്കുന്ന ആനയൂട്ടിൽ അറുപതിലേറെ ആനകൾ പങ്കെടുക്കും. ശബരിമലക്ഷേത്രത്തിലും പ്രത്യേക പൂജകൾ നടക്കും.

*************************************************

## CV PADMARAJAN

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ സി. വി. പത്മരാജന്റെ സംസ്കാരം ഇന്ന് വൈകിട്ട് പരവൂരിൽ നടക്കും. ഉച്ചയ്ക്ക് ഒരു മണി വരെ കൊല്ലം അനന്ദവല്ലീശ്വരത്തെ വീട്ടിൽ പൊതുദർശനമുണ്ടാകും. കൊല്ലം അർബൻ സഹകരണ ബാങ്കിലും ഡിസിസി ഓഫിസിലും പൊതുദർശനം ഉണ്ടാകും.

***************************************************************************************